


***വി എച്ച് എസ് എസ് കരവാരം***

***ഡിജിറ്റൽ മാഗസിൻ***

***2019-2020***

## എന്റെ വിദ്യാലയം .....................



# മഷിത്തണ്ട്

## വി എച്ച് എസ് എസ് കരവാരം
## ഡിജിറ്റൽ മാഗസിൻ 2019-2020

### അവതരണം

### ലിറ്റിൽ കൈറ്റ്സ്

### വി എച്ച് എസ് എസ് കരവാരം

# ആമുഖം

മനസ്സിലെ അക്ഷരങ്ങൾ  മാറ്റി  എഴുതാൻ ശീലിച്ച തുടങ്ങിയ കാലം മുതൽ ഒരു കുട്ടിയുടെ സ്ലേറ്റിലെ കാഴ്ചപ്പാടിനെ മായ്ക്കുവാനാണ് അന്നെല്ലാം മഷിത്തണ്ട് പച്ച എന്ന ചെടി ഉപയോഗിച്ചിരുന്നത്.സ്ലേറ്റിലെ അക്ഷരത്തിനെ മാത്രം മായ്ക്കുകയും ക്രമേണ മനസ്സിൽ പതിഞ്ഞ അറിവിന്റെ വാതായനത്തെ കുറിച്ച് പിൽക്കാലത്തു ഓർക്കുന്നതും ഒരു പക്ഷെ തൊടിയിൽ കാണുന്ന ആ മഷിത്തണ്ട് പച്ചയെ കാണുമ്പോഴായിരിക്കും മായ്ക്കുവാനും മറക്കുവാനും വേണ്ടി ഉപയോഗിച്ച മഷിത്തണ്ട് എന്നും നമ്മുടെ ഗതകാല സ്മരണയുടെ പുത്തൻ ഓർമ്മകൾ മാത്രമാണ്.അത്തരമൊരു പേരിനെ അന്വർത്ഥമാക്കാൻ മഷിത്തണ്ട് എന്ന ഈ ഡിജിറ്റൽ മാഗസിനും കഴിയുമാറാകട്ടെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
വി എച്ച് എസ് എസ് കരവാരം

## സ്കൂൾ നിർവഹണ സമിതി

ചെയർമാൻ : എസ് അശോകൻ ( പി.ടി .എ പ്രസിഡന്റ്)
കൺവീനർ : സജിനി പി രാജ് ( ഹെഡ്മിസ്ട്രസ്)
വൈസ് ചെയർമാൻ : മഹാദേവി (എം പി ടി എ പ്രസിഡന്റ്)
ജോയിന്റ് കൺവീനർ : ജൂലിയത് എസ് , റീമ ടി
(കൈറ്റ് മിസ്ട്രെസ്സ്മാർ )
കുട്ടികളുടെ പ്രതിനിധികൾ :
ജിത്തു (ലൈറ്റ്ലെ കൈറ്റ്സ് ലീഡർ)
ഗീതു (ലൈറ്റ്ലെ കൈറ്റ്സ് ഡെപ്യൂട്ടിലീഡർ)
സൂര്യൻ (സ്കൂൾ ലീഡർ)
അനശ്വര (ഡെപ്യൂട്ടി ലീഡർ )

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ





## *സന്ദേശം*

***പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതിക  വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനായി  നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ വി എച്ച് എസ് എസ് കരവാരം യൂണിറ്റിലെ അംഗങ്ങൾ തയ്യാറാക്കിയ " മഷിത്തണ്ട് " എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു .***

***സജനി പി രാജ്***
***എച്ച് എം***
***വി എച്ച് എസ് എസ് കരവാരം***

## എന്റെ വിദ്യാലയം

***ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ കരവാരം ഒറ്റൂർ നാവായിക്കുളം എന്നീ മൂന്നു പഞ്ചായത്തുകളുടെ സംഗമ സ്ഥാനമായ കല്ലമ്പലത്തു നിന്നും രണ്ടു കിലോമീറ്റർ കിഴക്കു മാറി കരവാരം പഞ്ചായത്തിലെ പാവല്ല എന്ന പ്രകൃതി സുന്ദരമായ സ്ഥലത്തു തലയുയർത്തി നിൽക്കുന്ന പവിത്രമായ ഒരു സരസ്വതി ക്ഷേത്രമാണ് കരവാരം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ .1984 ൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിന് അന്നത്തെ സ്കൂളിന്റെ സ്ഥാപകൻ ഈ നാടിന്റെ പേര് തന്നെ നൽകി .തുടക്കത്തിൽ ഹൈസ്കൂൾ മാത്രം ഉണ്ടായിരുന്ന സ്കൂളിന് 1995 ൽ വി എച്ച് എസ് ഇ ലഭിക്കുകയുണ്ടായി .ഇന്നും ആ നാടിന്റെ പേരിൽ സ്കൂൾ നില നിൽക്കുന്നു .***

## കലോത്സവദിനങ്ങളിലൂടെ .........................................







കിളിമാനൂർ ഉപജില്ല
2019 നവംബർ
427



# അനുഭവക്കുറിപ്പ്

എന്റെ ജീവിതത്തിൽ മറക്കാനാവാത്ത അനുഭവമാണ് സ്കൂളിൽ നിന്നും ഡ്രീം വേൾഡിലേക്കുള്ള വിനോദയാത്ര. ഞാനും എന്റെ കൂട്ടുകാരും ഡിസംബർ ആർത്തുല്ലസിച്ച്എവിടെ നിന്ന് പുറപ്പെട്ടു .ഞങ്ങൾ എവിടെ നിന്ന് ചിക്കുസ് ടൂറിസ്റ്റ് ബസിലാണ് പോയത് .ആദ്യം ഞങ്ങൾ ഓച്ചിറ ശ്രീ പര ബ്രഹ്മ ക്ഷേത്രത്തിലാണ് പോയത് .അവിടെ നിന്ന് പ്രഭാതഭക്ഷണം കഴിച്ചിട്ട് ആലപ്പുഴ ബീച്ചിലാണ് പോയത് .അവിടെ ഞങ്ങൾ ഒരുപാടു നേരം തിരമാലകളുമായി കളിച്ചു .അവിടെ വച്ച് അപ്രതീക്ഷിതമായ ഒരു സംഭവം നടന്നു .എനിക്ക് ഒരുപാടു ഇഷ്ടമുള്ള ഫക്രുവിനെ കണ്ടു .അതിനു ശേഷം ഞങ്ങൾ ഡ്രീം വേൾഡിലെത്തി .അവിടെ രാത്രി താമസിച്ചു .രാവിലെ ആതിരപ്പള്ളി വെള്ളച്ചാട്ടവും വാഴച്ചാലും കണ്ടു അവിടത്തെ റൈഡുകളിൽ കയറി അതിനുശേഷം തിരിച്ചു മടങ്ങി .ഈ അനുഭവം ഞാൻ ഒരിക്കലും മറക്കില്ല .

***സാന്ദ്ര എസ്***

## കുറുക്കനും കോഴിയും

ആറ്റും മണമ്മേലെ പൂരം കാണാൻ
പോരുന്നോ പോരുന്നോ കോഴിക്കുഞ്ഞേ
പാട്ടുണ്ട് കൂത്തുണ്ട് നൃത്തമുണ്ട്
ചേലൊത്ത താലപ്പൊലിയുമുണ്ട്
ആറ്റും മണമ്മേലെ പൂരം കാണാൻ
കോഴിയും പോയി കുറുക്കനൊപ്പം
പൂരവും കണ്ടു വിളക്കും കണ്ടു
കടല കൊറിച്ചു നടന്നു കോഴി
കുറുക്കച്ചൻ വാങ്ങി കൊടുത്ത പീപ്പി
ഊതിക്കളിച്ചു രസിച്ചു കോഴി
കുറുക്കന്റെ പിന്നാലെ പോയ കോഴി
കൂട്ടിൽ തിരിച്ചൊട്ടു വന്നുമില്ല
കൊക്കരക്കൊക്കര കൊക്കിക്കൊണ്ടു
തേടിനടന്നല്ലോ തള്ളക്കോഴി
ചതിയന്മാരോടൊപ്പം കൂട്ടുചേർന്നാൽ
**ആപത്താണോർക്കണം കൂട്ടരേ നാം**

# തൊട്ടാവാടിപ്പൂവേ...



തൊട്ടാവാടി പൂവേ...

മുത്തുപൊഴിക്കുന്ന പൂവേ...

തൊട്ടുതലോടുമ്പോൾ എന്തേ ഇത്ര

നാണം സുന്ദരി പൂവേ...

# കേരളം



രാവിന്റെ മുറ്റത്തു വാടാത നിൽക്കുന്ന
മുല്ലമൊട്ടങ്ങു  പോലെൻ  കൂട്ടുകാരെ
നന്മയുടെ ഗന്ധം വാനിലായ് വീശുന്ന
കുഞ്ഞു കാറ്റെങ്ങുപോയെൻ  കൂട്ടുകാരെ

പുല്ലും തണ്ണപ്പും കുറ്റൻ മലയും
എവിടേക്കു ഒലിച്ചുപോയെൻ കൂട്ടുകാരെ
ഈ മാഞ്ഞെതെല്ലാം തിരികെ പിടി -
ക്കുവാൻ ഒരുമിച്ചിടാം നമ്മൾ കൂട്ടുകാരെ

വീണ. വി

10 A

# *എന്റെ പ്രകൃതി*

പച്ചയാം വിരിപ്പിട്ട കുന്നിൻ മേൽ തല ചായ്ച്ചും
നിൻ സൗന്ദര്യത്തെ ആസ്വദിക്കുന്നു ഇന്നും
നിന്റെ ഹരിതവർണ്ണം എന്നെ പുൽകി തലോടി
ഓരോ പ്രഭാതത്തിൽ നീ ഉണരുമ്പോൾ
പച്ചയാം ഉടുപ്പിട്ട പ്രകൃതിയും ഉണരുന്നിതാ......

പച്ചില ചാർത്തിൻ പഴുതിലൂടെ
സൂര്യനുദിക്കുന്ന സമയം
സുന്ദരിയാം ചെറു പൂമ്പാറ്റ പൂന്തോട്ടത്തിൽ എത്തും നേരത്തു
പൂവിതൾ പതുക്കെ തലപൊക്കി
സൂര്യനെ നോക്കി പുഞ്ചിരി തൂകി ........



അനശ്വര എ എസ്

10 ബി

# *പൂമ്പാറ്റ*

കുറ്റിക്കാട്ടുകൾ നിറയും നാട്ടിൽ
പൊട്ടിവിടർന്നൊരു പൂമ്പാറ്റ
കുട്ടികൾ പിറകെ ഓടി കൂടി
കുട്ടിപോന്തകൾ വഴിനീളെ
വേലിക്കെട്ടുകൾ വിരിക്കും പൂക്കളിൽ
ഒളിക്കും പൂമ്പാറ്റ
മഞ്ഞക്കുറിയും പൊട്ടും  തൊട്ടൊരു
മഴവിൽ ചാർത്തിയ പൂമ്പാറ്റ
തത്തി തോം ധിമി തത്തി തോം ധിമി
തത്തി നടക്കും പൂമ്പാറ്റ
കുട്ടികളവയുടെ പിറകെകൂടി
ചുറ്റി നടക്കും വഴിനീളെ

നവ്യ വിജയൻ
*10 ബി*



# പിരിയാത്ത കരങ്ങൾ

പൊൻകിരണങ്ങൾ മുത്തമിടുന്ന ഒരു മൈതാന മുറ്റം .മൈതാനം തന്റെ കണ്ണുകൾ തുറന്നു .അയ്യോ !എന്താ ഇത്.രാവിലെ തന്നെ മൈതാനം ഒരു പട്ടം കുട്ടികളാൽ നിറഞ്ഞിരിക്കുന്നു .മൈതാനത്തിന്റെ പല വശങ്ങളിലേക്ക് വിവിധതരം കുട്ടികൾ പലതരം കളികളിൽ ഏർപ്പെടുന്നു .തന്റെ മടിത്തട്ടിൽ ഓടിയും ചാടിയും ബാല്യമെന്ന ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷത്തിലൂടെ കടന്നുപോകുന്ന ആ കുട്ടികളെയും ,അവർപോലും അറിയാതെ  അവരിൽ തളിരിടുന്ന സൗഹൃദത്തെ നിധിയെയും കണ്ടു സ്വയം സംതൃപ്തി അടയുകയാണ് മൈതാനം .അങ്ങനെ കാഴ്ചകൾ കണ്ടിരിക്കുമ്പോൾ പെട്ടെന്ന് മൈതാനം ആ കാഴ്ച കണ്ടത് .ഒരു ബാലൻ ,അവൻ അന്ധനാണ് .അന്ധകാരം അവന്റെ ജീവിതത്തെ കാർന്നു തിന്നിട്ടും തന്റെ സൗഹൃദത്തെ നെഞ്ചോട് ചേർത്ത് അവൻ അവരോടൊപ്പം കളിക്കുകയാണ് .അവന്റെ കൂട്ടുകാർ ,തന്റെ കൂട്ടുകാരന്റെ കുറവിനെ കാണുന്നില്ല .പകരം അവന്റെ കുറവിനെ മറന്നു അവന്റെ കഴിവിനെ അവർ തിരിച്ചറിയുന്നു .അന്ധൻ ആണെങ്കിലും കാൽപന്തുകളിൽ അവൻ ഇന്ദ്രജാലം തീർത്തു .പെട്ടെന്നായിരുന്നു ആ സംഭവം അവിടെ അരങ്ങേറിയത് .



ടാ കുരുടാ.....എന്തിനാടാ ഈ കോപ്രായം കാട്ടുന്നത് ,ഏതോ ഒരു പയ്യൻ ചോദിച്ചു .അവർക്കെല്ലാം ആ അന്ധനായ കുട്ടിയുടെ സൗഹൃദം ഒരുതരം നാണക്കേടായിരുന്നു .എന്തിനാടാ നീ അവനെ വിളിച്ചത് .എന്നും പറഞ്ഞു ആ കുട്ടിയുടെ കൂട്ടുകാരൻ അവന്റെ ഷിർട്ടിൽ പിടുത്തമിട്ടു .അതെ കുരുടൻ കണ്ണുകാണാത്തവനെ കുരുടൻ എന്നാ വിളിക്കുന്നത് .അവന്റെ ഒപ്പം ഉണ്ടായിരുന്ന കുട്ടികൾ ചിരിച്ചു .ഒരു പരിഹാസച്ചിരി അവിടെ പടർന്നു .അധികം താമസിക്കാതെ അവിടെ ഒരു കലഹം ഉണ്ടായി .അത് തല്ലുകൂടലാകാൻ അധികനേരം എടുത്തില്ല.ഒരുപാടു നേരം നിന്ന ആ വഴക്കു അവസാനിച്ചത് ഒരു പന്തയത്തിലാണ് .

കൃഷ്ണ. എസ്

*8A*

## സ്കൂൾ ദിനങ്ങളിലൂടെ................................












# നൈൽ ഡയറി (പുസ്തക പരിചയം )

താൻ കണ്ട നാട്ടുകളെയും അവിടത്തെ ജനങ്ങളെയും അവരുടെ ജീവിത സവിശേഷതകളെയും കലാപരമായി അവതരിപ്പിക്കാൻ കഴിഞ്ഞ ഒരേ ഒരു സഞ്ചാര സാഹിത്യകാരനാണ് എസ് കെ പൊറ്റക്കാട് . നർമ്മ മധുരവും ഭാവന സുരഭിലവുമായ ആവിഷ്കരണ രീതി ആരെയും ആകർഷിക്കും .നിർത്താം ചവിട്ടി നടക്കുന്ന ഒട്ടകപക്ഷികളും നെറ്റിയിൽ ചന്ദന കുറിയിട്ട ഗസകൾ മാനുകളും കോമാളികളായ ബാബൂൺ കുരങ്ങുകളും നിറപ്പകിട്ടാർന്ന ചിറകുകളോട് കൂടിയ കൂറ്റൻ ചിത്രശലഭങ്ങളും നൈൽ കരയെ ഒരു നാടക ശാലയാക്കി മാറ്റുന്നു എന്നാണ് പറയുന്നത് . ആ നാടകശാലയുടെ മുൻപിൽ നോക്കി നില്ക്കാൻ ആഗ്രഹിക്കാത്ത സഹൃദയർ ഉണ്ടാകുമെന്നു തോന്നില്ല .




വിഷ്ണു പ്രിയ

10 ബി

## ഓർമകളിലെ ഓണം (ഓർമക്കുറിപ്പ് )



എന്നും ഓണം ആരുടെ മനസ്സിലും മറക്കാൻ കഴിയാത്ത ഒറ്റവധി അനുഭവങ്ങളും ഓർമകളും നൽകുന്ന ഒരു ആനന്ദമാണ് .എന്റെ മനസ്സിലും നിരവധി ഓർമകൾ സമ്മാനിച്ചതാണ് ഓണക്കാലം .അത്തപ്പൂക്കളം ഒരുക്കാനും ,ഓണത്തപ്പനെ വരവേൽക്കാനും ,ഓണസദ്യ കഴിക്കാനും ഒക്കെ എനിക്ക് വളരെ ഇഷ്ടമാണ് .ഓണം വരുന്നതോടൊപ്പം തന്നെ ഓണക്കളികളും വരും .അതിലൊക്കെ ഞാനും പങ്കെടുക്കാറുണ്ട് .അതൊക്കെ വളരെ രസകരമായ ഓർമകളായിരുന്നു.കാലത്തിന്റെ കുത്തൊഴുക്കിൽ ഓണാഘോഷത്തിന് മാറ്റം വന്നെങ്കിലും ഓണം എന്ന് കേൾക്കുമ്പോൾ മലയാളികൾക്ക് സന്തോഷം തന്നെ ആണ് .

പ്രദീന

*8 എ*

# നാലുമണിപ്പൂക്കൾ (പുസ്തക പരിചയം )



ശ്രീമതി ശാരദ ടീച്ചർ എഴുതിയ ചേരുകവിതകളാണ് നാലുമണിപ്പൂക്കൾ .ചില പരിചിതങ്ങളായ കാര്യങ്ങളാണെങ്കിലും ആസ്വാദക ഹൃദയത്തിൽ താങ്ങി നില്ക്കാൻ തക്ക വിധത്തിൽ പ്രതിഫലിപ്പിക്കാൻ എല്ലാവര്ക്കും കഴിയില്ല .ചിലർ അതിനെ തന്റെ വീക്ഷണകോണിലൂടെ നോക്കി കാണുമ്പോൾ മനോഹരമായ കവിതകൾ ആയി മാറുന്നു .അത്തരത്തിൽ പ്രകൃതിയിൽ കണ്ടതും കേട്ടതുമായ ചില യാഥാർഥ്യങ്ങൾക്കു രൂപം നൽകിയാണ് ശ്രീമതി ശാരദ ടീച്ചർ ഈ കവിത സമാഹാരം രൂപപെടുത്തിയിരിക്കുന്നത് .ഈ ചെറുകവിതകളിൽ ഞാൻ ഏറെ ഇഷ്ട്ടപ്പെടുന്നത് കുഞ്ഞരുവി , മോഹം ,എന്റെ അച്ഛൻ ,അമ്മക്കിളി ,നഷ്ടസ്വപ്നങ്ങൾ എന്നിവയാണ് .ഇതിൽ കുഞ്ഞരുവി എന്ന കവിത എന്റെ മനസ്സിനെ കുളിരണിയിപ്പിച്ചു

വിഷ്ണുപ്രിയ

**10b**

# മരണമില്ലാത്ത ഓർമ്മകൾ

വിടരുന്ന മലരുപോൽ വിളങ്ങുന്ന ഈ -
തിരുമുറ്റം എന്നിൽ നിറയ്ക്കും .
നിറമുള്ള ഓർമ്മകൾ പടരുന്ന മനസ-
മധുരസ്മരണകളിൽ ഉണരും

കാലചക്രം കറങ്ങിപോകിലും എൻ
മനസാകം ശൂന്യതയിൽ തെളിയും
ചിരിയും കളികളും കുസൃതിത്തരങ്ങളും
ഒരുപോലെ മിഴിയിൽ നിറയും

ഒരു നനവുള്ള മധുവാണ് സൗഹൃദം
കളിവാക്കിൽ തുടങ്ങി കടംകഥയിൽ മൊഴിയുന്ന
കാതിരിട്ടും മറയാത്ത നാളിൽ

ചിരിയാർന്ന ചന്തവും നിറയുന്ന നേത്രവും
പടരുന്ന രാത്രിപോൽ ഇരുളും
ഒരു നനവുള്ള മധുവാണ് സൗഹൃദം
പിരിയേണ്ടി വരുമൊരുനാളവർ ചിന്തയിൽ -

എങ്കിലും കോർത്തുപിടിയ്ക്കുമാ കരങ്ങൾ
വിടവാങ്ങും നാളത്തെ കവിയുന്ന കൺകളാൽ
പുണരുന്ന കുറെയേറെ മനസങ്ങൾ
ഒരു നനവുള്ള മധുവാണ് സൗഹൃദം മരണമില്ലാത്ത ഓർമ്മകൾ

ഓർത്തിരിക്കും എൻ മനസ്സിന്റെ താളിൽ
ഒരിക്കലും മറക്കാത്ത ആ ദിനങ്ങൾ
ഓർത്തിരിക്കും എൻ മനസ്സിന്റെ താളിൽ
ഒരിക്കലും മരിക്കാത്ത ആ ദിനങ്ങൾ

കൃഷ്ണ. എസ്
***8 A***

# അമ്പിളി അമ്മാവൻ

ആകാശത്തുള്ളൊരു അമ്പിളിമാമ്മൻ
വെള്ള നിറത്തിൽ കാണുന്നു
അമ്പിളിമാമനെ കണ്ടാൽ
തേങ്ങാപൂളിനെ പോലെ തോന്നുന്നു .

രാത്രിയിൽ മാത്രം കാണാൻ
കഴിയുന്ന  സുന്ദരനാണ് അമ്പിളിമാമ്മൻ
നക്ഷത്രങ്ങളുമായി അമ്പിളിമാമ്മൻ
ആകാശത്തു നിന്ന് ചിരിക്കുന്നു

അമ്പിളിമാമ്മൻ ചിരിക്കുന്നത്
കാണാൻ സുന്ദരമാണ്
രാവിലെ ആകുമ്പോൾ അമ്പിളി
മാമനും നക്ഷത്രങ്ങളും മറയുന്നു .



സ്വാതി ശിവപ്രസാദ്

***8D***

# മൗന  രാഗം

ഏതോ ഒരു രാത്രിയിലേകനായി ഞാൻ
താരങ്ങളോടൊത്തു സല്ലപിക്കെ
ദൂരെയൊരാൽമരക്കൊമ്പിൽ നിന്നും
വാനമ്പാടി തൻ മൗന രാഗം
രാഗമൊരു മോഹമായെൻ മനസ്സിന്
സിരകളിൽ കത്തിപ്പടന്നീടവേ
ഒരു സ്വപ്ന ലോകത്തിൽനിന്നുതിർന്ന
ഒരുപഴംപാട്ടിന്റെ ഈരടികൾ
ഗതകാല സ്മരണതൻ ഈണമാർന്നിട്ടും
കഥകളിലെ ചിറകുള്ള വാനമ്പാടി
പാടാത്ത പാടിപ്പതിഞ്ഞ നിന്റെ
മൗന രാഗത്തിന്റെ താളമേത്?

Arya .R
9A



# രാജകുമാരനു കിട്ടിയ നിധി



ഒരിടത്തു ഒരു ചെറിയ രാജ്യം ഭരിച്ചിരുന്ന ഒരു  രാജാവുണ്ടായിരുന്നു. രാജാവിന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളു.  ധർമ്മ ദേവൻ എന്നായിരുന്നു ആ രാജകുമാരന്റെ പേര് .  വളരെ നല്ലവനായിരുന്നു ധർമ്മദേവൻ .ഒരു ദിവസം രാജാവിനോട് ഭടന്മാർ പറഞ്ഞു "പ്രഭോനമ്മുടരാജ്യത്തിനടുത്തുള്ള ദ്വീപിൽ നിധി ഉണ്ടത്രേ ".  ഇത് കേട്ടു രാജാവ് ധർമ്മദേവൻ വിളിച്ചു കാര്യം പറഞ്ഞു ." കുമാരാ നാളെത്തന്നെ ചെന്ന് ആ നിധി കൊണ്ടുവരണം .  ധർമ്മദേവനെ ഒന്ന് പരീക്ഷിക്കുകയായിരുന്നു രാജാവിന്റെ ലക്ഷ്യം .  പെട്ടന്ന് തന്നെ ധർമ്മ ദേവൻ നിധി തേടി യാത്രയായി .അന്വേഷണങ്ങൾക്കു ഒടുവിൽ നിധി കിട്ടുകയും ചെയ്തു.  എന്നാൽ തിരിച്ചെത്തിയ ധർമ്മദേവൻ .  ആദ്യമായി ചെയ്തത് എന്താണെന്നോ ?  ആ നിധി തന്റെ പാവങ്ങൾക്ക് വീതിച്ചു കൊടുത്തു.  ഇതറിഞ്ഞ രാജാവിന് സന്തോഷമായി ."  കുമാര , ജനങ്ങളുടെ സന്തോഷമാണ് ഒരു രാജാവിന് കിട്ടാവുന്ന ഏറ്റവും വലിയ നിധി .  ഇത് തിരിച്ചറിഞ്ഞ നീ എന്റെ പിൻഗാമിതന്നെയാണ്.

ആതിര. എസ്
9A

# സ്കൂൾ ദിനങ്ങളിലൂടെ....................




Arun Sir Kvm
Today 1:21 pm






KARGIL VIJAY DIWAS
JULY 26
VHSS KARAVARAM
1 (K) BN NCC VARKALA

# നക്ഷത്ര കൂട്ടം

മാനത്തെ മണിമുകിൽ മാലാഖയായി നീ
ആകാശത്തു മിന്നി തിളങ്ങീടുമ്പോൾ
നിൻ തിളക്കത്തിൽ ആകാശം
മാല  ചാർത്താൻ വിതുമ്പിടുമ്പോൾ
നക്ഷത്രക്കൂട്ടങ്ങൾ മാലചാർത്തി
ആകാശ ദേവന് ചാർത്തിടുമ്പോൾ
സന്തോഷം കൊണ്ട് ആകാശം
നക്ഷത്രക്കൂട്ടങ്ങളെ പുണർന്നിടുന്നു
ഇതുമാത്രം മതി എനിക്ക്
നക്ഷത്രങ്ങൾ നന്ദി ചൊല്ലി പോകുന്നു
രാത്രിയുടെ രാവുകൾ ഉദിച്ചിടുന്നു
പിന്നെ സൂര്യദേവൻ ചിരിതൂകി നിന്നിടുന്നു

ആരതി . എസ്
9 a



# മുയലുകളുടെ ക്രിസ്മസ്



മഞ്ഞു വീണ കാടാകെ
മൂടി.കൊടും തണുപ്പുള്ള കാറ്റ്
നിർത്താതെ
വീശിക്കൊണ്ടിരിക്കുന്നു.'അമ്മ മുയലും
അച്ഛൻ മുയലും മക്കളായ മുയല്കുട്ടികളും
തണുത്തുവിറച്ചു മാളത്തിലിരിപ്പായി .
അപ്പോൾ അച്ഛൻ മുയൽ പറഞ്ഞു .
കാടുമുഴുക്കെ കുളിരാണ്
കട്ടിനെഞ്ഞു തണുപ്പാണ്
കാട്ടിലൊരൊറ്റ പുല്ലില്ല
കാരറ്റ് എങ്ങും കണ്ടില്ല
അപ്പോൾ 'അമ്മ മുയൽ സങ്കടപ്പെട്ടു . " നാം വിശപ്പ് സഹിക്കും. പക്ഷെ
നമ്മുടെ മക്കളോ?

പിന്നെയും ഒരു ദിവസം കൂടികടന്നുപോയി. പുല്ലും കാരറ്റും കിട്ടാതെ മുയലുകൾ വിശന്നു തളർന്നു. അച്ഛൻ മുയലും അമ്മമുയലും തമ്മിൽ തമ്മിൽ നോക്കി .അവരുടെ കണ്ണുകൾ നിറഞ്ഞു .മഞ്ഞുകാലം നീണ്ടു നിന്നാൽ കഥയെന്താവും ? അതോർത്തു തന്നെ അവർ ഭയപ്പെട്ടു. അപ്പോൾ പുറത്തു മാനുകളുടെ കാലൊച്ച . ഒരു തെന്നുവണ്ടിയുടെ ശബ്ദം . അകത്തേക്കു വീഴുന്ന സമ്മാനപ്പൊതികൾ .തളർന്നുകിടക്കുന്ന മുയല്കുട്ടികൾ പുറത്തേക്കു നോക്കി . അവർ ആഹ്ളാദത്തോടെ പറഞ്ഞു " ഹായ് സന്തോക്ലോസ്സ് അപ്പൂപ്പൻ " പാഞ്ഞുപോകുന്ന തെന്നു വണ്ടി അതിലിരുന്നു കൈ വീശി മംഗളാശംസകൾ നേരുകയാണ് സാന്താക്ലോസ്സ് .അകന്നു പോകുന്ന വണ്ടിയിൽ നിന്ന് അവർ ഈ പാട്ടു കേട്ടു .

ക്രിസ്റ്മസായതു അറിഞ്ഞില്ലേ
കാടും നാടുമുണർന്നില്ലേ
എല്ലാവർക്ക്ഉം സമ്മാനം
എങ്ങും നിറയും സന്തോഷം

ആ സമ്മാനപൊതിയിൽ അവർക്കു വേണ്ടതെല്ലാം ഉണ്ടാരുന്നു. അവർ വയറു നിറയെ കാരറ്റ് കേക്ക് കഴിച്ചു. വീടും പരിസരവും അലങ്കരിച്ചു ക്രിസ്മസ് ഗംഭീരമാക്കുകയും ചെയ്തു .

ആര്യ .R
9A

# അനുഭവ കുറപ്പ്

എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത അനുഭവമാണ് ഞാൻ നിങ്ങള്ക്ക് വേണ്ടി പറയുന്നത് . കോരിച്ചൊരിയുന്ന മഴയുള്ള ഒരുദിവസം . പുഴകളെല്ലാം കരകവിഞ്ഞൊഴുകുന്നു . അല്പം മഴ ശമിച്ച സമയം ഞാനും എന്റെ ആട്ടിന്കുട്ടികളുമായി വയലിലേക്ക് ഇറങ്ങി .ആടിനെ മേച്ച തളർന്ന ഞാൻ കുറച്ച വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരുന്നു . അപ്പോൾ എന്റെ ആട്ടിന്കുട്ടികൾ അവിടെ നിന്ന് പുല്ലുകൾ കഴിക്കുകയായിരുന്നു .കാല് തെറ്റി എന്റെ ആട്ടിൻകുട്ടി പുഴയിലേക്ക് വന്നു . ഞാൻ നിലവിളിച്ചു പക്ഷെ ആരെയും അവിടെയൊന്നും കണ്ടില്ല .പിന്നെ ഞാൻ തന്നെ എന്റെ ആട്ടിൻകുട്ടിയെ രക്ഷിക്കാൻ തീരുമാനിച്ചു




.തൊട്ടടുത്ത് ഒരുമരത്തിൽ കയർ കെട്ടി ഇറങ്ങാൻ ശ്രേമിച്ചു .ഞാൻ ഇറങ്ങി എന്റെ ആട്ടിൻകുട്ടിയെ കരയിലേക്ക് കയറ്റി . ആ ആട്ടിൻകുട്ടി കരയിലേക്ക് എത്തിയപ്പോൾ തന്നെ തന്റെ സഹോദിരിയായ ആട്ടിന്കുട്ടിയുടെ അടുത്തേക്ക് ഓടപോയി അവർ തമ്മിൽ എന്തോ സംസാരിക്കുന്നുണ്ടാരുന്നു.അപ്പോഴാണ് അവർതമ്മിലുള്ള സ്നേഹം എനിക്ക് മനസിലായത് .അതുകണ്ട എനിക്ക് വളരെ സന്തോഷമായി .ഞാൻ എന്റെ ആട്ടിന്കുട്ടികളുമായി വീട്ടിലേക്കു പോയി . നടന്ന കാര്യങ്ങൾ അമ്മയോട് പറഞ്ഞപ്പോൾ 'അമ്മ പറഞ്ഞത് അത് അവർ തമ്മിലുള്ള ആത്മാർത്ഥ സ്നേഹത്തിന്റെ തെളിവാണെന്നു പറഞ്ഞു .അങ്ങനെ ആയിരിക്കണം ഓരോ സഹോദരന്മാരെന്നു 'അമ്മ പറഞ്ഞു . അത് കേട്ടപ്പോൾ എനിക്ക് ഒരുപാടു സന്തോഷം തോന്നി . അത് എന്റെ മനസ്സിൽ നിന്ന് ഒരിക്കലും മായില്ല .

**GOVIND**
**8D**

# തിരിനാളം



കത്തും  വിളക്കിന് ശോഭയാക്കി നീ
സന്ധ്യക്ക് പുലരിയിൽ വിരിഞ്ഞ തിരിനാളമേ
നിൻ വിളക്കിന് ഭംഗിക്ക് ഞാനൊരു
പിച്ചകപ്പൂമാല ചാർത്തീടുന്നേ
പുഞ്ചിരിക്കും    നിലാവിൻ രാത്രിയിൽ
സൂര്യനെ മാറ്റി ചന്ദ്രൻ ഉദിക്കും നേരം
കൈകൾ  കൂപ്പി ഞാൻ  തൊഴുതിടുമ്പോൾ
സന്തോഷം പകർന്നു നീ വന്നടിക്കും
അപ്പോൾ നീ എൻ സന്തോഷങ്ങളിൽ
ദുഃഖം പകർത്തി നീ വേറെ എങ്ങോ ഓടി പോയിടുന്നു.

**GEETHU.U**
**8D**

# പകരത്തിനു പകരം

ഒരുകാട്ടിൽ മഹാകുസൃതികളായ കുറെ കുരങ്ങന്മാർ ഉണ്ടായിരുന്നു. മറ്റുള്ളവരെ ഉപദ്രവിക്കുന്നതാണ് അവരുടെ പ്രധാന ജോലി. ഒരുദിവസം ഒരു ചെന്നായ പറഞ്ഞു. നിങ്ങൾ എന്തിനാണ് ഇങ്ങനെ മറ്റുള്ളവരെ ഉപദ്രവിക്കുന്നതും പേടിപ്പിക്കുന്നതും. ചെന്നായയുടെ വാക്കുകൾ കുരങ്ങന്മാർ കേട്ടില്ല .അങ്ങനെ മരത്തിൽ കയറുകയും ഇറങ്ങുകയും ചെയ്തു .മറ്റുള്ള പക്ഷികൾ മുട്ട സൂക്ഷിക്കുന്ന മരങ്ങളിൽ കയറി മുട്ട മാറ്റി വെയ്ക്കുകയും പിന്നെ അത് കാക്ക കൊണ്ട് പോയി എന്ന് കള്ളം പറയുകയും ചെയ്തു . എങ്ങനെ ഇവരെ വെറുതെ വിട്ടാൽ ശരിയാകുകയില്ല എന്ന് ചെന്നായയ്ക്കും തോന്നി അങ്ങനെ അവർ എല്ലാവരും ചേർന്ന് കുരങ്ങന്മാർക്കു ഒരു പണി വെച്ച്. കുരങ്ങന്മാർ എന്നും ചെയ്യുന്നത് പോലെ കുയിലിന്റെ കൂട്ടിൽ കയറി മുട്ട എടുക്കാൻ പോകുന്നത് കണ്ട ചെന്നായ പറഞ്ഞു. കുയിലിന്റെ മുട്ടയ്ക്ക് നല്ല രുചിയാണ് . അതുകൊണ്ടു നീ നിന്റെ വീട്ടിൽ കൊണ്ട് പോയി കഴിച്ചോ .മണ്ടനായ കുരങ്ങൻ കിട്ടിയ മുട്ടയും കൊണ്ട് വീട്ടിലേക്കു പോയി. പക്ഷെ അത് മുട്ട അല്ലായിരുന്നു. അത് വലിയ കല്ലായിരുന്നു . വീട്ടിൽ എത്തിയ കുരങ്ങൻ ഇതുവരെ ഞാൻ മുട്ട കഴിച്ചിട്ടില്ല എന്ത് രുചിയായിരിക്കും മുട്ടയ്ക്ക് . ഓർക്കുമ്പോൾ തന്നെ വായിൽ വെള്ളം ഊറുന്നു . കുരങ്ങൻ പെട്ടന്ന് തന്നെ മുട്ടയിൽ ഓർക്കുമ്പോൾ ആഞ്ഞു കടിച്ചു . പെട്ടന്ന് കുരങ്ങന്റെ മുന്നിൽ പല്ലുകൾ എല്ലാം വീണു കിടക്കുന്നു . കരച്ചിൽ കേട്ട ചെന്നായ കുരങ്ങന്റെ അടുത്ത് ചെന്നു ചിരിച്ചു . നീ ചെയ്ത ഉപദ്രവങ്ങൾക്കു ഞാൻ നിനക്ക് നൽകിയ ശിക്ഷയാണ് . ഇനി നീ ആരോടും ഇങ്ങനെ ചെയ്യരുത് . ക്ഷമ ചോദിച്ചു കുരങ്ങൻ വീട്ടിലേക്കു പോയി .

അശ്വതി. എസ്
**8D**

# കേരളഭൂമി

എത്രമനോഹര മെന്തു കൗതുക
മെന്നുടെ കേരളഭൂമി
പൂർവികർ പണ്ട് നമ്മുക്കായി നൽകിയ
നമ്മുടെ കേരള ഭൂമി
ഭാരതനാടിനുമഭിമാനം
നമ്മുടെ കേരള ഭൂമി
കാടും മാലയും കാട്ടാറുകളും
തോടും കായലുമുള്ളൊരു നാട്
പൂത്തുതളിർത്തു ഫലങ്ങൾ നിറയും
നമ്മുടെ നാട് കേരള നാട്
കേരളമെന്നൊരു നാട്
കളരിയുംമങ്കവും  കഥകളി    മുദ്രയും
കണ്ണിനുത്സവം  നൽകും  നാട്
നാനാ ജാതി  മതസ്ഥരൊന്നായി
സോദരരായി വസിക്കും നാട്
നമ്മുടെ രക്ഷകനായായൊരു സഹ്യൻ
കിഴക്കിന്നെതിരായി നിലകൊള്ളുന്നു
പുളകം  ചാർത്തും മലയാളത്തിൻ
മധുരം നുകരും മലയാളികളും
തിരുവാതിരയും ചാക്യാർകൂത്തും
എല്ലാമുള്ളൊരു സുന്ദര ഭൂമി
പുണ്യപുരാതന കേരളഭൂമി

**Athira**



# ചേട്ടത്തി പ്രാവും അനിയത്തി പ്രാവും



പണ്ടുപണ്ടൊരിടത്തു ഒരു അനിയത്തിപ്രാവും ചേട്ടത്തിപ്രാവും ഉണ്ടായിരുന്നു . അനിയത്തിപ്രാവ് വളരെ പാവവും ചേട്ടത്തി പ്രാവ് ക്രൂരയുമായിരുന്നു . ചേട്ടത്തി പ്രാവ് അനിയത്തിപ്രാവിനെ എപ്പോഴും ഉപദ്രവിക്കുമായിരുന്നു . എല്ലാം സഹിച്ചുകൊണ്ട് അനിയത്തിപ്രാവ് അവിടെ കഴിഞ്ഞു. അങ്ങനെയിരിക്കെ തീറ്റതേടിയിറങ്ങിയ അവർക്ക് ഒരു ഗ്രാമത്തിൽ നിന്നും കുറച്ചു പയര്മണികൾ കിട്ടി. അതുമായി അവർ വീട്ടിലെത്തി. ചേട്ടത്തിപ്രാവ് അത് വറുക്കുവാനുള്ള ജോലി അനിയത്തിയെ ഏൽപ്പിച്ചു പുറത്തുപോയി. അങ്ങനെ ചേട്ടത്തി ഏൽപ്പിച്ച ജോലി അനിയത്തി ഭംഗിയായി ചെയ്തു. തിരികെ എത്തിയ ചേട്ടത്തി വറുത്തു വച്ച പയര്മണികൾ കണ്ടു. അളവിൽ കുറവുണ്ടെന്നും അത് അനുജത്തി മോഷ്ടിച്ചതാണെന്നും പറഞ്ഞു കൊണ്ട് അനുജത്തിയെ ക്രൂരമായി കൊത്തിക്കൊന്നു. അങ്ങനെ ചേട്ടത്തിപ്രാവ് ഒറ്റയ്ക്കായി. ഒരുദിവസം ഗ്രാമത്തിൽ നിന്ന് വീണ്ടും കുറച്ചു പയർമണികൾ ചേട്ടത്തിപ്രാവിന് കിട്ടി. അത് വീട്ടിൽ കൊണ്ടുവന്നു ചേട്ടത്തിപ്രാവ് വറുത്തു. അവൾ വാറുത്തപ്പോഴും അതിൽ കുറവുവന്നു. അപ്പോഴാണ് പയർ മണികൾ വറുക്കുമ്പോൾ കുറയുമെന്ന് ചേട്ടത്തിപ്രാവിന് മനസിലായത്. തെറ്റുചെയ്യാത്ത അനിയത്തിപ്രാവിനെ കൊത്തികൊന്നതോർത്തപ്പോൾ അവൾക്കു വല്ലാത്ത കുറ്റബോധം തോന്നി. അവൾ അന്ന് ഒരുപാടു കരഞ്ഞു.

## സ്കൂൾ ദിനങ്ങളിലൂടെ ....................













# IT QUIZ

1.പ്രസിദ്ധമായ ഏതു ഉൽപ്പന്നത്തിന്റെ രഹസ്യ കോഡ് ആണ് ‘black comb’?

Windows 7

2.ഇന്റർനെറ്റിന്റെ പിതാവ് ആരാണ് ?

വിന്റോൺ സർഫ്

3.Microsoft സ്ഥാപിതമായ വർഷം ?

1975

4.ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം എന്നാണ് ?

December 2

5.’VIRUS’ ന്റെ പൂർണ്ണരൂപം എന്താണ് ?

Vital Information Resource Under Siege

6.Google രൂപകൽപന ചെയ്തത് ആരൊക്കെ ചേർന്നാണ് ?

ലാറി പേജ് , സെർജി ബ്രിൻ

7. ‘Computer science’ന്റെ പിതാവ് എന്ന് അറിയപ്പെടുന്നത് ആരാണ് ?

അലൻ ട്യൂറിംഗ്

8. Computer ന്റെ പൂർണരൂപം എന്താണ് ?

Common Operating Machine Particularly used for Technological Educational Research

9. OTG Cable-ന്റെ പൂർണരൂപം എന്താണ് ?

On the Go

10. കംപ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ് ?

ചാൾസ് ബാബേജ്

11.Hot mail രൂപീകരിച്ച ഇന്ത്യക്കാരൻ ആരാണ് ?

സബീർ ഭാട്ടിയാ

12. ഇ- സാക്ഷരതാ കൈവരിച്ച ഇന്ത്യയിലെ ആദ്യ ജില്ല ഏതാണ് ?

മലപ്പുറം

13. Email ന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ് ?

റേ ടോമിൻസൺ

14. SIM ന്റെ പൂർണരൂപം എന്താണ് ?

Subscriber Identify Module

15. Computer mouse ന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ് ?

ഡഗ്ളസ് ഏംഗൽബർഗ്

# "വിദ്യാലയം പ്രതിഭകളോടൊപ്പം"

നമുക്ക് ചുറ്റുമുള്ള സർഗധനരായ പ്രതിഭകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് വിദ്യാർത്ഥി സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും അത് കുട്ടികൾക്ക് വലിയപ്രേചോദനമാകും എന്ന ദിശയിലേക്കുള്ള കാൽവെയ്പ്പായ "വിദ്യാലയം പ്രതിഭകളോടൊപ്പം " എന്ന പരിപാടി കരവാരം വി .എച് .എസ് .എസ് ,ഏറെ ബഹുമാനത്തോടെയും സന്തോഷത്തോടെയും നിർവഹിച്ചു .14/11/2019 ന ശ്രീമാൻ എ . ഇ അഷറഫ് സാറിനെ സന്ദർശിച്ചു . അദ്ദേഹം സ്കൂൾ ഓഫ് ഡ്രാമയിൽ ഡിസൈനിങ് ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുകയും സ്റ്റേജ് ലൈറ്റ് സെന്ററിൽ ഗസ്റ് ലക്ചർ ആയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് . കേരള സംഗീതനാടക അക്കാദമി അവാർഡ് ലഭിച്ചു .ആഫ്രോ ഏഷ്യൻ തീയേറ്റർ ഫെസ്റ്റിവൽ അവാർഡും ലഭിച്ചിട്ടുണ്ട് . ഹെഡ്മിസ്ട്രസ്സും മറ്റു അധ്യാപക പ്രതിനിധികളും കുട്ടികളും ചേർന്ന് അദ്ദേഹത്തിന് പൊന്നാടയണിച്ചു .ഏറെ പ്രേയോജനപ്രദമായ ചർച്ച അദ്ദേഹത്തിന്റെ വാക്കുകൾ നാടകത്തെക്കുറിച്ച ഇങ്ങനെയായിരുന്നു 'പച്ചയായ മനുഷ്യന്റെ ജീവിതമാണ് നാടകം .എല്ലാ വിഷയങ്ങളിലും നാടകമുണ്ട് . തുടർന്ന് നാടകജീവിത വഴികളും വ്യത്യസ്ത തലങ്ങളും കുട്ടികളുമായി പങ്കുവെച്ചു . അദ്ദേഹത്തിന്റെ പുസ്തക ശേഖരത്തിൽ നിന്നും ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന നൽകുകയും ചെയ്തു നൽകുകയും മധുരം നൽകിയും വരും തലമുറയെ അനുഗ്രഹിച്ചു .







27/11/19 ന സാഹിത്യകാരനായ ശ്രീമാൻ വിശ്വത്തിലകൻ സാറിന്റെ ഭവനം സന്ദർശിച്ച ഒരു സാഹിത്യകാരൻ എന്ന നിലയിൽ ചെന്ന കുട്ടികൾക്കെല്ലാം പുസ്തകങ്ങൾ സമ്മാനമായി നൽകി . തന്റെ ജീവിതാനുഭവങ്ങളും മറ്റും അദ്ദേഹത്തിന്റെ കൃതികൾ സ്കൂളിനായി നൽകി .വളരെലളിതമായി എങ്ങനെ ജീവിക്കാം എന്നുള്ളത് അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തരുന്ന തരത്തിലുള്ളതായിരുന്നു സന്ദർശനം . വി എച് . എസ് .എസ് ലെ പ്രിയദർസിനി ടീച്ചർ പൊന്നാടയണിയിച്ച ആദരിച്ചു .



തുടർന്ന് നടൻ പാട്ടു കലാകാരനായ തോട്ടയ്ക്കാട് അജിത് അദ്ദേഹത്തിന്റെ പിതാവായ തോറ്റം പാട്ടു കലാകാരൻ ശ്രീമാൻ കരുണാകരകുറുപ്പ് എന്നിവരെ സന്ദർശിച്ചു . നാടൻപാട്ടുകൾ പാടിയും കുട്ടികളെ കൊണ്ട് പാടിച്ചും വളരെ രസകരമായി അദ്ദേഹം കുട്ടികളോട് സംവദിച്ചു . കുട്ടികൾക്ക് മധുരം നൽകുകയും നാടൻപാട്ടുകൾ കുറിച്ച് പറഞ്ഞു കൊടുക്കുകയും ചെയ്തു .

35 വർഷമായി തോറ്റംപാട്ട് രംഗത്ത് നിൽക്കുന്ന ശ്രീമാൻ മോഹനൻ പിള്ളയെ ആദരിച്ചു .

*നമ്മിൽ  ഗതകാലസ്മരണകൾ ഉണർത്താൻ സഹായിക്കുന്ന മഷിത്തണ്ട് എന്ന ഈ ഡിജിറ്റൽ മാഗസീനിനെ യാഥാർഥ്യമാക്കാൻ സഹായിച്ച എല്ലാ പേർക്കും*

**നന്ദി.....................**